കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുടക്കുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം. കെ.എസ്.എ.ഇ.കെ.എം.(പി2) 1240//25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/12/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുടക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ.ഇ.കെ.എം.(പി2) 1240//25

തീയ്യതി: 12/12/2025

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024–2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മിനു പി കെ	ഡെപ്യൂട്ടി ഡയറക്ടർ	27-10-2025	05-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)

27-10-2025	05-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി ടെസ്സി എം, ഓഡിറ്റ് ഓഫീസർ
2.ശ്രീമതി ഷൈബി ഇ.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീമതി ആതിര ആർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പി പി അവറാച്ചൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ സേതു കെ ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	28-04-2024
ശ്രീമതി മഞ്ജു വി	സെക്രട്ടറി	29-04-2024	08-05-2024
ശ്രീ സേതു കെ ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	09-05-2024	21-07-2024
ശ്രീമതി മഞ്ജു വി	സെക്രട്ടറി	22-07-2024	04-09-2024
ശ്രീ സേതു കെ ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	05-09-2024	27-09-2024
ശ്രീമതി ബിന്ദു കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	28-09-2024	06-10-2024
ശ്രീമതി ശ്രീജ വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-10-2024	08-10-2024
ശ്രീ സുമേഷ്കുമാർ പി കെ	സെക്രട്ടറി	09-10-2024	03-12-2024
ശ്രീമതി ശ്രീജ വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-12-2024	19-12-2024
ശ്രീ സുമേഷ്കുമാർ പി കെ	സെക്രട്ടറി	20-12-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.രാജിക കുട്ടപ്പൻ	മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം	01-04-2024	31-07-2024
ഡോ.അരുൺരാജ് ആർ	മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം	01-08-2024	31-03-2025
ഡോ.ബാസിമ മു അസം	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ശ്രീമതി സൌമ്യ പി	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2024	31-03-2025
ശ്രീമതി.ഹാജറ പി.എച്ച്	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. ബിന്ദു തോമസ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	31-03-2025
ശ്രീമതി ജ്യുവൽ ജോയ്	ഡയറി ഫാം ഇൻസ്ട്രക്റ്റർ	01-04-2024	31-03-2025
ശ്രീമതി റാണി കെ പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ഡോ. ജെസ്സി എ	വെറ്ററിനറി സർജൻ(തുരുത്തി)	01-04-2024	31-03-2025
ഡോ.അനിൽ ബി	വെറ്ററിനറി സർജൻ(മുടക്കുഴ)	01-04-2024	11-08-2024
ഡോ.എഡിസൺ മാത്യു	വെറ്ററിനറി സർജൻ(മുടക്കുഴ)-ചാർജ്	12-08-2024	31-03-2025
ശ്രീ സേതു കെ ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	20-08-2024
ഒഴിവ്	അസിസ്റ്റന്റ് സെക്രട്ടറി	21-08-2024	27-09-2024
ശ്രീമതി ബിന്ദു കെ	അസിസ്റ്റന്റ് സെക്രട്ടറി-ചാർജ്	28-09-2024	06-10-2024
ശ്രീമതി ശ്രീജ വി	അസിസ്റ്റന്റ് സെക്രട്ടറി	07-10-2024	31-03-2025

ശ്രീമതി ശ്രീകല എൻ ജി	ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്, മുടക്കുഴ	01-04-2024	31-03-2025
ശ്രീമതി.രമ്യ കെ.എസ്	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	16-05-2024
ശ്രീമതി രാധിക ബി	ഐ സി ഡി എസ് സൂപ്പർവൈസർ	17-05-2024	15-08-2024
ശ്രീമതി സിഞ്ചു തോമസ്	ഐ സി ഡി എസ് സൂപ്പർവൈസർ	16-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-2
4	വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-1-3
5	ഓൺലൈൻ വരവുകൾ അക്കൗണ്ടിൽ ലഭ്യമാകാനവശേഷിക്കുന്നു.	1-1-4
6	കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ്-ചെലവ് കൃത്യമല്ല	1-1-5
7	കിട്ടാൻ സാദ്ധ്യതയില്ലാത്ത തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-6
8	ആസ്തി വിവരങ്ങൾ കൃത്യമല്ല.	1-1-7
9	ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം.	1-3
12	ഗ്രാന്റ് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമപദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	300 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ 300 ച.മീറ്ററിനു താഴെയുള്ള ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു	1-10-1
19	11/139 A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത	1-10-2
20	9/256Fനമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ അപാകത	1-10-3
21	വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ	1-10
22	പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്	1-11
23	IFTE&OS ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ	1-12
24	2024-25 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ	1-13

25	കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തില്ല.	1-14
26	മരാമത്ത് പ്രവൃത്തി- പൊളിച്ചെടുത്ത ഷീറ്റ്, ഗ്രില്ല് എന്നിവ ലേലം ചെയ്തില്ല.	1-15
27	ട്രസ്സ് വർക്കിന് അധിക നിരക്കിൽ തുക നൽകി	1-16
28	കൃഷി ഓഫീസിലേക്ക് കസേര വാങ്ങിയതിൽ സുതാര്യതയില്ല : 24780/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-17
29	കാലി ബാരലിന്റെ വില തനത് ഫണ്ടിൽ നിലനിൽക്കുന്നു.	1-18
30	കനാലിന്റെ സൈഡ് കെട്ടുന്നതിന് പിവിഐപി ഓഫീസിന് ഡെപ്പോസിറ്റ് വർക്കിനായി തുക കൈമാറി	1-19
31	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പ്രൊജക്ട് - അപാകതകൾ	1-20
32	ഷട്ടർ മെയിന്റനൻസ്- പണി നടത്തിയിട്ടില്ല	1-21
33	എംസിഎഫ് - ലേക്ക് വാട്ടർ ടാങ്കുകൾ വാങ്ങിയെങ്കിലും നാളിതുവരെ ഉപയോഗിച്ചിട്ടില്ല	1-22
34	എഫ് എച്ച് സി -മരുന്നുകൾ ലഭ്യമായിട്ടില്ല- തുക തടസ്സത്തിൽ വയ്ക്കുന്നു	1-23
35	ഹോമിയോ മരുന്നുകൾ ലഭിച്ചിട്ടില്ല - 250000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
36	പാലിയേറ്റീവ് കെയർ - അപാകതകൾ	1-25
37	ഓഡിറ്റ് ഇംപാക്ട്	1-26
38	ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും	1-27
39	ജലജീവൻ പദ്ധതി-അവലോകനം	1-28
ഭാഗം 2		
1	300 ച മീ നു മുകളിൽ തറവിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ 300 ച മീ നുതാഴെയുള്ള ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു - നഷ്ടം 5178/-രൂപ	2-1-1
2	11/139 A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത നഷ്ടം 1038/-രൂപ	2-1-2
3	9/256F നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ അപാകത - നഷ്ടം 28481/- രൂപ	2-1-3
4	പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്, നഷ്ടം 4887/-രൂപ	2-2
ഭാഗം 3		
1	ട്രസ്സ് വർക്ക്-അധിക നിരക്കിൽ തുക നൽകി:11,136/- രൂപയുടെ ചെലവ് നിരാകരിക്കുന്നു	3-1

ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **മുടക്കുഴ ഗ്രാമപഞ്ചായത്ത്** കമ്മിറ്റിയുടെ 29.07.2025 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 08.10.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 12.12.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/ (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹8830384.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹-3375069.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും, സഞ്ചയ-യിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബുക്ക് അഡ്ജസ്റ്റ്മെന്റ് എൻട്രികൾ മുഖേനയാണ് ഇവ പൊരുത്തപ്പെടുത്തിയിട്ടുള്ളത്.

1-1-4 ഓൺലൈൻ വരവുകൾ അക്കൗണ്ടിൽ ലഭ്യമാകാനവശേഷിക്കുന്നു.

താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 തീയതിയിലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ ബാങ്കിൽ സമർപ്പിച്ച താഴെ ചേർക്കുന്ന വൗച്ചർ പ്രകാരമുള്ള ചെക്കുകളിലെ തുകകൾ അക്കൗണ്ടിൽ നാളിതുവരെ ക്രെഡിറ്റായിട്ടില്ല.

അക്കൗണ്ട് നമ്പർ	വൗച്ചർ നമ്പർ/തീയതി	തുക
17620100047295-ഫെഡറൽ ബാങ്ക് സൈ്വപ്പിംഗ് മെഷീൻ	1) 1230100353/07.06.2023 2)1230100354/07.06.2023	1400/- 20/-
67393020952-എസ് ബി ഐ ഇ-പെയ്മെന്റ്, കുറുപ്പംപടി	വിവിധ തീയതികളിലെ വൗച്ചറുകൾ മുഖേനയുള്ള തുക	94242/-
	ആകെ തുക	95662/-

1-1-5 കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ്-ചെലവ് കൃത്യമല്ല

സി.എഫ്.സി ബേസിക് ഗ്രാന്റ്, സി.എഫ്.സി ടൈഡ് ഗ്രാന്റ് എന്നിവയിൽ നിന്ന് യഥാക്രമം ₹600/-, ₹20/- എന്നിങ്ങനെ ആകെ 620/- രൂപ അധികം ചെലവഴിച്ചതിനാൽ സുലേഖ ചെലവ് പത്രികയുമായി 620/- രൂപയുടെ വ്യത്യാസം ഉണ്ട്.

1-1-6 കിട്ടാൻ സാദ്ധ്യതയില്ലാത്ത തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ₹1236945.00 വസ്തുനികുതി ഇനത്തിലും ₹53750.00 തൊഴിൽ നികുതിയിനത്തിലും കുടിശ്ശികയുണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി 2 വർഷത്തിൽ അധികരിക്കുന്ന കുടിശ്ശിക തുകയ്ക്ക്, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 [ചട്ടം58(4)എച്ച്] എന്നിവ പ്രകാരം കാലപ്പഴക്കം മൂലം ലഭിക്കാൻ സാധ്യത കുറവുള്ളതായി സംശയിക്കുന്ന തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-7 ആസ്തി വിവരങ്ങൾ കൃത്യമല്ല.

ആസ്തി വിവരങ്ങൾ കൃത്യമല്ല. ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിൽ കെ.യു.ആർ.ഡി.എഫ്.സി ലോൺ വരവ്-തിരിച്ചടവ് എന്നിവ നിരീക്ഷിക്കുന്നതിനായി ലോൺ രജിസ്റ്റർ സൂക്ഷിച്ച് വരുന്നില്ല. ആയതിനാൽ തിരിച്ചടയ്ക്കാനവശേഷിക്കുന്ന ലോണിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് 05.02.2024-ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ആയത് 18.03.2025-ലെ 1/1 -ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

	ബജറ്റ്	പരിഷ്കരിച്ച ബജറ്റ്
മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ്	₹199919689	₹202244077
ചെലവ്	₹194644737	₹194502448

1-3 സാമ്പത്തിക വിശകലനം.

മുന്നിരിപ്പ്	₹24560211
ഓഡിറ്റ് വർഷത്തെ വരവ്	₹45593652
ആകെ	₹70153863
ഓഡിറ്റ് വർഷത്തെ ചെലവ്	₹36763268
നീക്കിയിരിപ്പ്	₹33390595

ഈ പത്രികയിലെ വരവ് – ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)	ലാപ്സായ തുക(₹)

വികസന ഫണ്ട് (ജനറൽ)	0	12956000	12956000	12914145	0	41855
വികസന ഫണ്ട് (എസ്.സി.പി)	0	6140000	6140000	5631658	0	508342
വികസനഫണ്ട് (ടി.എസ്.പി)	0	0	0	0	0	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	16229000	16229000	16229000	0	0
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	8714000	8714000	7640065	0	1073935
ധനകാര്യ കമ്മീഷൻ അവാർഡ് അൺടൈഡ് -ബാങ്ക്	2452839	2183234 + 282562 =2465796	4918635	1770003 + 600* =1770603	3148032	0
ധനകാര്യ കമ്മീഷൻ അവാർഡ് അൺടൈഡ്-ട്രഷറി	0	236270	236270	226184	0	10086
ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് -ബാങ്ക്	2886123	4935000	7821123	3146659 + 20* =3146679	4674444	0
ധനകാര്യ കമ്മീഷൻ അവാർഡ്ടൈഡ് പെർഫോമൻസ് ഗ്രാന്റ്	0	1259776	1259776	814858	0	444918
കേന്ദ്രാവിഷ്കൃതഫണ്ട്-അങ്കണവാടി പൂരക പോഷകാഹാരം 320100196	1421450	1227546	2648996	361488	2287508	-
320100139 ആയുഷ് ഹെൽത്ത് ഗ്രാന്റ്	500000	0	500000	445675	54325	-
320100202 ഹെൽത്ത് ഗ്രാന്റ്	571542	312000 + 17418 (പലിശ) =329418	900960	552482	348478	-
320100204 ഹെൽത്ത് ഗ്രാന്റ്	330979	515,000 + 9372	855351	323682	531669	-

		(പലിശ) =524372				
സാനിട്ടേഷൻ 320100181	19	0	19	0	19	-
ഭിന്നശേഷിക്കാർക്കുള്ള ദേശീയ പരിപാടി 320100145	1015970	0	1015970	0	1015970	-
സംസ്ഥാനാ വിഷ്ണുതഫണ്ട്-						-
വിമുക്തി, ആശ്രയ, കില 320300199	1,17,615	0	1,17,615	0	1,17,615	-
320200399 (ലൈഫ്-സംസ്ഥാന വിഹിതം)	4403,000	1700000	61,03,000	14,50,000	46,53,000	-
ശുചിത്വമിഷൻ 320100198	9,81,877	0	9,81,877	0	9,81,877	-
ഖരമാലിന്യ സംസ്കരണം 320200304	4,00,416	0	4,00,416	0	4,00,416	-
സാനിട്ടേഷൻ 320300103	6,49,472	0	6,49,472	10,000	6,39,472	-
320100197 സാക്ഷരത	7842	218	8,060	0	8,060	-
320100191 നിർമ്മൽ പുരസ്കാർ	126	0	126	0	126	-
320800199 ജനകീയ ഭവനപദ്ധതി	1,270	പലിശ 36	1,306	0	1,306	-
320100125 ഐ സി ഡി എസ്-സർവീസ്	10,000	0	10,000	0	10,000	-
320100152 മറ്റ് സ്കീമുകൾ	37,656	0	37,656	0	37,656	-

*600+20 തെറ്റായി അധികം നൽകിയതിനാൽ സുലേഖ ചെലവ് പത്രികയുമായി 620/- രൂപയുടെ വ്യത്യാസമുണ്ട്.

ഫണ്ടിനം	സോഴ്സ് ഡിഡക്ഷൻ	ക്യാപിറ്റൽ അക്കൗണ്ട്
വികസനഫണ്ട് - ജനറൽ	1648601	-
വികസനഫണ്ട്-എസ്.സി.പി.	747853	150000

കേന്ദ്ര ധനകാര്യകമ്മീഷൻ-Untied	-	1002054
കേന്ദ്ര ധനകാര്യകമ്മീഷൻ-Tied	-	1042104
പെർഫോമൻസ് ഗ്രാന്റ്	-	3870
സംരക്ഷണ ഗ്രാന്റ്-റോഡ്	-	350000
സംരക്ഷണ ഗ്രാന്റ്-റോഡിതരം		420193

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ %
244	₹122775079	₹63226262	164	26	54	67.21%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവ്	1468	1133060 + 5699 (പലിശ) =1138759	1140227	1053520	86707
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	15780728	15780728	15780728	0
ആകെ	1468	16919487	16920955	16834248	86707

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപെൻഷൻ	ചെലവഴിച്ച തുക(₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	4923200	312
വാർദ്ധക്യകാലപെൻഷൻ	21737100	1502
വിധവാപെൻഷൻ	11454100	745
മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	4083600	257
50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	752000	51

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2025 ഉച്ചതിരിഞ്ഞ് 2.45 മണിയ്ക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9714/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. അക്കൗണ്ട്സിലെ ബി4 ഷെഡ്യൂൾ പ്രകാരം ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ ചെലവഴിക്കാത്ത പക്ഷം ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. അക്കൗണ്ട്സിലെ ബി 18 ഷെഡ്യൂൾ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 949000 രൂപ, കെഎസ് ഇബി -ക്ക് നൽകിയിരിക്കുന്ന 22396 രൂപ എന്നിവ ക്രമീകരിക്കാനുണ്ട്. ബന്ധപ്പെട്ട വേലകൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ബാക്കി തുകകൾ ഉണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. 1997-98 കാലഘട്ടം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനുണ്ട്. ആയത് തീർപ്പാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ആസ്തി വിവരങ്ങളും ലോൺ വിവരങ്ങളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

5. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-10-1 300 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ 300 ച.മീറ്ററിനു താഴെയുള്ള ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു

സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 77/2023/LSGD, തീയതി 22.03.2023 അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി പരിഷ്കരണം 20.10.2023 ലെ A3-1918/2023 ഉത്തരവ് പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്ത് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം 300എം^{2} വരെയുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ കെട്ടിടങ്ങൾ എന്നിവക്ക് ചതുരശ്ര മീറ്ററിന് 7 രൂപ, 300എം^{2} ന് മുകളിലുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 10 രൂപ എന്നീ നിരക്കുകളിലാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ 2024-25 വർഷം 300എം^{2} ന് മുകളിൽ തറവിസ്തീർണ്ണമുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ/ ഹോംസ്റ്റേ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് 300എം^{2} വരെയുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിക്കൊണ്ടാണ്. ഇതുമൂലം വസ്തുനികുതി ഇനത്തിൽ 2024-25 വർഷം 5178/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 2 ഖണ്ഡിക 2-1-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10-2 11/139 A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത

2011 ലെ കേരള പഞ്ചായത്തിരാജ് (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിനു ലഭ്യമായ വഴിസൗകര്യത്തെ അടിസ്ഥാനമാക്കി വസ്തു നികുതിയിൽ വർദ്ധനവും ഇളവും അനുവദിക്കുന്നുണ്ട്. അതായത് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴിയിലൂടെ പ്രവേശനം ഉള്ള കെട്ടിടങ്ങൾക്ക് 20% വർദ്ധനവും 1.5 മീറ്ററിൽ കുറവ് വീതിയുള്ള വഴിയിലൂടെ പ്രവേശനം ഉള്ള കെട്ടിടങ്ങൾക്ക് 10% ഇളവും അനുവദിക്കുന്നു. എന്നാൽ മുടക്കുഴ ഗ്രാമ പഞ്ചായത്തിൽ 11/139 A നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് വഴി

സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകൾ നൽകിയിരിക്കുന്നതിൽ അപാകതകൾ ഉള്ളതായി കണ്ടു.

2024-25 വർഷം വസ്തു നികുതി നിർണ്ണയം നടത്തിയ 11/139 A നമ്പർ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പ്രവേശന മാർഗ്ഗം കാണിച്ചിരിക്കുനത് 6 മീറ്റർ വീതിയുള്ള പഞ്ചായത്ത് റോഡ് എന്നാണ്. എന്നാൽ സഞ്ചയയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത് റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന് രേഖപ്പെടുത്തിക്കൊണ്ടാണ്. ആയതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട 20% വർദ്ധനവ് ഈ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല. ഇതുമൂലം വസ്തുനികുതി ഇനത്തിൽ 2024-25 വർഷം 1038/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 2 ഖണ്ഡിക 2-1-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10-3 9/256Fനമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ അപാകത

ശ്രീ ഷക്കീർ പി.എം, പറയൻകുടി, എന്ന വ്യക്തിയുടെ പേരിലുള്ള A3-433/2020 തീയതി. 23.11.2021 നമ്പർ പെർമിറ്റ് പ്രകാരം പൂർത്തീകരിച്ച (704.53എം^{2}) വ്യവസായിക ആവശ്യത്തിനുള്ള 9/256F നമ്പർ കെട്ടിടത്തിന്റെ (ഡെക്കാൻ പ്ലൈവുഡ്സ്, മുടക്കുഴയുടെ പ്രവർത്തനത്തിനായി) വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ ഉള്ളതായി കാണുന്നു. ശ്രീ ഷക്കീർ പി.എം, പറയൻകുടി SC2-1632/2024, തീയതി 30.04.2024 നമ്പർ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന കംപ്ലീഷൻ പ്ലാൻ പ്രകാരം ഡെക്കാൻ പ്ലൈവുഡ്സ്, മുടക്കുഴ എന്ന പ്ലൈവുഡ് നിർമ്മാണ കമ്പനിയാണ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന് ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ (വസ്തു നികുതി നിരക്ക് - 65/എം^{2}) എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിന് പകരം വസ്തു നികുതി നിരക്ക് കുറഞ്ഞ വ്യവസായത്തിനാവശ്യമുള്ളവ - ഇഷ്ടികച്ചൂള, തടിമിൽ (വസ്തു നികുതി നിരക്ക് - 30/എം^{2}) എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം വസ്തുനികുതി ഇനത്തിൽ 2024-25 വർഷം 28481/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 2 ഖണ്ഡിക 2-1-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

2024-25 വർഷം വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിലെ റിപ്പോർട്ടുകളും ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതിൽ കുറവ് ഉണ്ടായിട്ടുള്ളതായി കണ്ടു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1-11 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീ അബ്ദുൾ സലാം, സർജ (കക്കാട്ടുശ്ശേരി, മാറമ്പിള്ളി, 683105) എന്നിവർ കുന്നത്തുനാട് താലൂക്ക്, വേങ്ങൂർ വെസ്റ്റ് വില്ലേജ്, 60.80 ആർ വിസ്തൃതിയുള്ള 170/1 സർവ്വേ നമ്പർ പ്ലോട്ടിൽ 488.7 എം^{2} Special Residential കെട്ടിടത്തിന്റെ നിർമ്മാണത്തിന് സമർപ്പിച്ച SC2/3057/2024 തീയതി 16.08.2024 നമ്പർ അപേക്ഷ പ്രകാരം 26.11.2024ന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 2 ഖണ്ഡിക 2-2 ൽ ചേർത്തിട്ടുണ്ട്.

1-12 IFTE&OS ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

ജിയെം അഗ്രോമിൽസ്, ഇളമ്പകപ്പിള്ളി (1/69) എന്ന സ്ഥാപനത്തിന്റെ IFTE&OS ലൈസൻസ് പുതുക്കലുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ അഗ്നിരക്ഷാനിലയം സ്റ്റേഷൻ ഓഫീസർ 27.03.2024 ന് ലഭ്യമാക്കിയ സി 161/24 നമ്പർ കത്ത് പ്രകാരം സ്ഥാപനത്തിന് അഗ്നിരക്ഷാ വകുപ്പിൽ നിന്നും അനുവദിച്ച നിരാക്ഷേപ പത്രം (A-2287/14, തീയതി 29/04/14) പ്രകാരം അഗ്നി സുരക്ഷ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണെന്നും എന്നാൽ സ്ഥാപനത്തിന്റെ വിസ്തൃതി അനുവദനീയമായതിൽ കൂടുതൽ കാണപ്പെട്ടതിനാൽ ഈ സ്ഥാപനത്തിൽ സ്ഥിരം അഗ്നി ശമന സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന് 6 മാസത്തിനുള്ളിൽ FIRE NOC ഹാജരാക്കിക്കൊള്ളാമെന്ന സത്യവാങ്മൂലം സമർപ്പിച്ചതിനെ തുടർന്ന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സ്ഥാപനം FIRE NOC ഹാജരാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പെരുമ്പാവൂർ അഗ്നിരക്ഷാനിലയം സ്റ്റേഷൻ ഓഫീസർ ലഭ്യമാക്കിയ കത്ത് പ്രകാരമുള്ള സ്ഥാപനത്തിന്റെ വിസ്തൃതി സംബന്ധിച്ച് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം 15/03.11.2025 ന്, സ്ഥാപനം നേരിൽ പരിശോധന നടത്തിയതിൽ അഗ്നി സുരക്ഷ സംവിധാനം ഏർപ്പെടുത്തുന്നതിനായി വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് പൈപ്പ് ലൈനുകൾ വലിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതായും 31.05.2026 ന് മുമ്പ് ടി സംവിധാനം ഏർപ്പെടുത്തിക്കൊള്ളാമെന്ന് സ്ഥാപന ഉടമ രേഖാമൂലം അറിയിച്ചതായും മറുപടി നൽകിയിട്ടുള്ളതാണ്. എന്നാൽ FIRE NOC ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നത് ക്രമപ്രകാരമല്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 2024-25 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ

മുടക്കുഴ ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം IFTE&OS ലൈസൻസ് 229 സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട് (ലൈസൻസ് രജിസ്റ്റർ പ്രകാരം). എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ 32 സ്ഥാപനങ്ങൾ മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത്. ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി അടവാക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുമേൽ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ട് നൽകിയ എൻക്വയറി നം 2/28.10.2025 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി രജിസ്റ്ററിൽ ചേർത്തിട്ടുള്ള 32 സ്ഥാപനങ്ങൾ അധികം തൊഴിലാളികൾ ഉള്ള വലിയ വ്യവസായ സ്ഥാപനങ്ങൾ , സർക്കാർ ഓഫീസുകൾ, ബാങ്കുകൾ മുതലായവയാണ്. മറ്റ് വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ലൈസൻസ് ഫീസിനൊപ്പമാണ് ഈടാക്കിയിട്ടുള്ളത് . ആയത് ലൈസൻസ് രജിസ്റ്ററിൽ അതാത് സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസിനൊപ്പം തന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസിനൊപ്പം ഈടാക്കിയിരിക്കുന്നത് സ്ഥാപന തൊഴിൽ നികുതിയാണ്. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-14 കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തില്ല.

പ്രൊജക്ട് നമ്പർ	എസ് ഒ 212/25
പ്രൊജക്ടിന്റെ പേര്	മുടക്കുഴ തോട് ശുചീകരണം
നിർവ്വഹണോദ്യോഗസ്ഥ	അസിസ്റ്റന്റ് എഞ്ചിനിയർ
അടങ്കൽ	728542/-(728532/-ധനകാര്യ കമ്മീഷൻ അവാർഡ്, 10/- തനത് ഫണ്ട്)
ചെലവ്	691488/-(ധനകാര്യ കമ്മീഷൻ അവാർഡ്)
വൗച്ചർ നമ്പർ/തീയതി, തുക	1) 42401027/ 06.11.2024 ₹446433/- 2) 42401028/ 06.11.2024 ₹63955/- 3) 42401255/ 22.03.2025 ₹181100/-

മുടക്കുഴ തോട് ശുചീകരണം എന്ന ഈ പ്രൊജക്ടിന്റെ ബിൽ പ്രകാരം 4410/- എം^{3} മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഡിഡക്ഷൻ കഴിഞ്ഞ് 394.135എം^{3} മണ്ണ് സ്റ്റാക്ക് ചെയ്തിട്ടുള്ളതായി 16.04.2024-ൽ സെക്രട്ടറിക്ക് നൽകിയ 01/AE/LSGD/MGP/24-25 നമ്പർ കത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. 230.11/- രൂപ നിരക്കിൽ (കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയത്) 90694.32/- രൂപയുടെ വാല്യുവേഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന് കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അംഗീകാരം ലഭ്യമാക്കി ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത കത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം സ്റ്റാക്ക് ചെയ്ത മണ്ണിന്റെ വാല്യുവേഷന് അംഗീകാരം നേടി ലേലം ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 30.10.2025-ൽ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷന് അംഗീകാരം വാങ്ങി ലേല നടപടികൾ പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 മരാമത്ത് പ്രവൃത്തി- പൊളിച്ചെടുത്ത ഷീറ്റ്, ഗ്രില്ല് എന്നിവ ലേലം ചെയ്തില്ല.

പ്രൊജക്ട് നമ്പർ	എസ് ഒ 198/25
പ്രൊജക്ടിന്റെ പേര്	2023-24 സാമ്പത്തിക വർഷത്തിലെ പ്രൊജക്ടുകളുടെ ടെൻഡർ എക്സസ് നൽകൽ
നിർവ്വഹണോദ്യോഗസ്ഥ	അസിസ്റ്റന്റ് എഞ്ചിനിയർ
അടങ്കൽ	732503/-(196935/-തനത് ഫണ്ട്, 354149/- സംരക്ഷണ ഗ്രാന്റ് റോഡ്, 181419/- സംരക്ഷണ ഗ്രാന്റ് റോഡിതരം)
ചെലവ്	517963/-(112907/-തനത് ഫണ്ട്, 337710/- സംരക്ഷണ ഗ്രാന്റ് റോഡ്, 67346/- സംരക്ഷണ ഗ്രാന്റ് റോഡിതരം)

2023-24 വർഷത്തെ വിവിധ പ്രൊജക്ടുകളുടെ ടെൻഡർ എക്സസ് ഈ പ്രൊജക്ട് മുഖേന നൽകിയിട്ടുണ്ട്. ഇതിൽ 2023-24 വർഷത്തെ 226/24 നമ്പർ പ്രൊജക്ട് മുടക്കുഴ ആയുർവേദ ആശുപത്രി വെൽനസ് സെന്ററാക്കൽ എന്ന പ്രൊജക്ടും ഉൾപ്പെടുന്നു. ആയുർവേദ ആശുപത്രി വെൽനസ് സെന്ററാക്കി മാറ്റിയ ഈ പ്രവൃത്തിയിൽ കെട്ടിടത്തിന്റെ മുകളിലെ നില പണിയുകയും ഷീറ്റ് മേയുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന ഗ്രില്ല്, ഷീറ്റ് എന്നിവ

പൊളിച്ച് മാറ്റിയിട്ടുണ്ട്. ഇതിൽ കുറച്ച് ഷീറ്റ് ഉപയോഗിക്കുകയും അവശേഷിക്കുന്നവ അവിടെത്തന്നെ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 623.069 കിലോ ഗ്രാം ഗ്രില്ല്, 109.200എം^{2} ജി.ഐ ഷീറ്റ് എന്നിവയാണ് അവശേഷിക്കുന്നത്. പൊളിച്ചെടുത്ത ഈ ഇനങ്ങളുടെ വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനിയർ താഴെ ചേർക്കും പ്രകാരം എടുത്തിട്ടുണ്ട്.

ജി.ഐ ഷീറ്റ് 109.200എം^{2} X 183.50/എം^{2}=20038.20/-

ഗ്രിൽ വർക്ക് 623.069kg X 42.94/Kg=26754.58/-

ആകെ : 46793/-രൂപ

അസിസ്റ്റന്റ് എഞ്ചിനിയറുടെ 18.04.2024-ലെ AE/LSGD/MGP/24-25 നമ്പർ കത്തിൽ ഈ വാല്യുവേഷന് കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അംഗീകാരം ലഭ്യമാക്കി വസ്തുക്കൾ ലേലം ചെയ്യുവാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് ഈ വസ്തുക്കൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാൻ 31.10.2025-ൽ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭിച്ചില്ല. പൊളിച്ചെടുത്ത വസ്തുക്കൾ ലേലം ചെയ്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

<u>1-16 ട്രസ്സ് വർക്കിന് അധിക നിരക്കിൽ തുക നൽകി</u>

പഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയുടെ മെയിന്റനൻസ് പ്രവൃത്തിയിൽ ട്രസ്സ് വർക്ക് ചെയ്യുന്നതിന് ബിൽ പ്രകാരം ഇനം 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc.. @162.79 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി 31.10.25 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ ഡി.എസ് ആർ ഡാറ്റ 10.1 പ്രകാരമുള്ള Steel Work In Single Sectioning ആണ് ചെയ്തിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടു. സൈറ്റിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷനിംഗ് പ്രവൃത്തി ആയതിനാൽ 11,136/- രൂപ അധികം നൽകിയത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക നം.3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>1-17 കൃഷി ഓഫീസിലേക്ക് കസേര വാങ്ങിയതിൽ സുതാര്യതയില്ല : 24780/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

പ്രൊജക്ട് നമ്പർ	എസ് 0014/25
പ്രൊജക്ടിന്റെ പേര്	കൃഷി ഓഫീസിലേക്ക് കസേര വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥ	കൃഷി ഓഫീസർ
അടങ്കൽ	24780/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം)
ചെലവ്	24780/- (സംരക്ഷണ ഗ്രാന്റ്-റോഡിതരം)
വൗച്ചർ നമ്പർ/തീയതി	42401132/01.02.2025

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ഈ പ്രൊജക്ട് മുഖേന Esquire കമ്പനിയുടെ 59 കസേരകൾ അഭിലാഷ് ബെഡ് ആന്റ് ഫർണിച്ചർ മാൾ, പെരുമ്പാവൂർ എന്ന സ്ഥാപനത്തിൽനിന്നും വാങ്ങിയിട്ടുണ്ട്. കസേര ഒന്നിന് 420/- രൂപ നിരക്കിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.കസേര വാങ്ങുന്നതിന് പ്രസിദ്ധപ്പെടുത്തിയ 13.01.2025- ലെ KBM 11/2024-25 നമ്പർ ക്വട്ടേഷനുംഫയലുംപരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനുള്ള

മാർഗ്ഗരേഖ ജി.ഒ.(പി) നം. 259/2010 തസ്വഭവ തീയതി 08.11.2010 നമ്പർ ഉത്തരവിന്റെ ഖണ്ഡിക നമ്പർ 5.1-ൽ വാങ്ങാനുദ്ദേശിക്കുന്ന ഉപകരണങ്ങൾ/ഫർണിച്ചർ എന്നിവയുടെ സ്പെസിഫിക്കേഷനിൽ പ്രത്യേകബ്രാൻഡ് നെയിം പരാമർശിക്കരുതെന്നും അഥവാ പരാമർശിക്കേണ്ടി വന്നാൽ അതോടൊപ്പം " തത്തുല്യമായതോ" എന്ന് ചേർക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ ക്വട്ടേഷനിൽ ഐറ്റം" Plastic Chairs With Arm (ESQUIRE &NILKAMAL)" എന്ന് സ്വകാര്യ കമ്പനികളുടെ ബ്രാൻഡ് നെയിം ഉൾപ്പെടുത്തി ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

2. ഫയൽ പ്രകാരം മൂന്ന് ക്വട്ടേഷനുകളാണ് ലഭിച്ചത്. വാങ്ങൽ നടത്തിയിട്ടുള്ള അഭിലാഷ് ബെഡ് ആന്റ്ഫർണിച്ചർ മാൾ, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റേത് കൂടാതെ (I)എ.കെ ട്രേഡേഴ്സ്,മുടക്കുഴ പി.ഒ, കുറുപ്പംപടി (Ii) റീജിയണൽ എന്റർപ്രൈസസ്, രായമംഗലം പി.ഒ, കുറുപ്പംപടി എന്നീസ്ഥാപനങ്ങളുടേതാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് രണ്ട് ക്വട്ടേഷനുകൾ. ചിത്രം ചുവടെ ചേർക്കുന്നു.



A.K. TRADERS
MUDAKUZHA P.O.
KURUPPAMPADY, ERNAKULAM, KERALA 683546
PHONE: 8086406896

14/01/2025

To
AGRICULTURAL OFFICER
KRISHIBHAVAN MUDAKUZHA
MUDAKUZHA

Our rates are mentioned below,

NO	ITEM DESCRIPTION	QTY	RATE	AMOUNT
1	PLASTIC CHAIR	60	700	42000

TOTAL 42000

Thanking You,

For A.K Traders



REGIONAL ENTERPRISES
RAYAMANGALAM P.O., KURUPPAMPADY
ERNAKULAM, KERALA – 683545
Phone: 9440741432

DATE: 15/01/2025

To
Agricultural Officer
Mudakuzha krishibhavan
Mudakuzha (po)

Our rates are given below.

NO	ITEM	NOS	RATE	AMOUNT
1	PLASTIC CHAIR	60	550	33000

TOTAL = 33000

Thanking You,

For Regional Enterprises

എ.കെ ട്രേഡേഴ്സ്, റീജിയണൽ എന്റർപ്രൈസസ് എന്നീ പേരുകളിൽ പ്രസ്തുത മേൽവിലാസത്തിൽ സ്ഥാപനങ്ങൾ ഇല്ലായെന്ന് ക്വട്ടേഷനിൽ ചേർത്തിട്ടുള്ള ഫോൺ നമ്പർ മുഖാന്തിരം അന്വേഷിച്ചതിൽ ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഈ രണ്ട് സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ക്വട്ടേഷനുകളുടെ ആധികാരികത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാൻ 04.11.2025-ലെ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. പ്രാദേശികമായി അന്വേഷിച്ചതിൽ ഗുണനിലവാരം ഉള്ളതിനാലാണ് NILKAMAL/ESQUIRE എന്ന് ക്വട്ടേഷനിൽ രേഖപ്പെടുത്തിയതെന്നും ക്വോട്ട് ചെയ്തതിൽ ഏറ്റവും കുറവ് തുകയുള്ളവ ആയതിനാലാണ് ഇവ വാങ്ങിയതെന്നും എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു. മറ്റ് ക്വട്ടേഷനുകളിലെ നിരക്ക് കൂടുതലായതിനാൽ സ്ഥാപനങ്ങൾ നിലവിലുണ്ടോയെന്ന് അന്വേഷിച്ചില്ലെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. നിലവിലില്ലാത്ത സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ഉൾപ്പെടുത്തി കുറവ് തുക രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്ന് ഫർണിച്ചർ വാങ്ങിയ നടപടി ക്രമപ്രകാരമല്ല. വാങ്ങൽ നടപടിക്രമങ്ങൾ സുതാര്യമല്ലാത്തതിനാൽ തൃപ്തികരമായ വിശദീകരണം ലഭ്യമാകുന്നത് വരെ ഈയിനത്തിലെ 24780/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-18 കാലി ബാരലിന്റെ വില തനത് ഫണ്ടിൽ നിലനിൽക്കുന്നു.</u>

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ 150120102 Receipts From Sale Of Scrap/ Empties And Waste Materials എന്ന ശീർഷകത്തിൽ ₹90219.00 തൻവർഷം വരവ് വന്നിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയിട്ടുള്ള പ്രൊജക്ടുകളിൽ നിന്നുള്ള കാലി ബാരലിന്റെ വില തനതുഫണ്ടുപയോഗിച്ചുള്ള പ്രൊജക്ടുകളിൽ നിന്നല്ലാത്ത പക്ഷം സർക്കുലർ 59827/എഫ് എം/07 തസ്വഭവ 30.10.2007 പ്രകാരം ബന്ധപ്പെട്ട ഫണ്ടുകളുടെ ഹെഡ്ഡിൽ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. നിലവിൽ ഈ തുകകൾ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് 30.10.2025-ൽ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവ് പ്രകാരം അടവാക്കേണ്ട കാലി ബാരലിന്റെ വില ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-19 കനാലിന്റെ സൈഡ് കെട്ടുന്നതിന് പിവിഐപി ഓഫീസിന് ഡെപ്പോസിറ്റ് വർക്കിനായി തുക കൈമാറി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒറോഴങ്ങര കനാൽ ബണ്ട് നടപ്പാത നിർമ്മാണം എന്ന പ്രവർത്തിക്ക് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

പ്രോജക്ട് നമ്പർ	അടങ്കൽ	ചെലവ് തുക	ബിൽനമ്പർ/തീയതി
246/24-25	500000	150000	241207520780014955577/11.3.25
		350000	241207520790014955593/11.3.25
ആകെ		500000	

അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, പിവിഐപി സബ് ഡിവിഷൻ നമ്പർ 2, പെരുമ്പാവൂരിന്റെ എസ്റ്റിമേറ്റ് പ്രകാരം കനാലിന്റെ സൈഡ് കെട്ടുന്നതിനും ഫുട് പാത്ത് നിർമ്മിച്ച് ഗ്രാനൈറ്റ് സ്റ്റോൺ വിരിക്കുന്നതിനുമാണ് തുക കണക്കാക്കിയിരിക്കുന്നത്. ഈ തുക പിവിഐപി അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ ആവശ്യപ്രകാരം ഡെപ്പോസിറ്റ് വർക്കിനായി മേൽപ്പറഞ്ഞ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗമുണ്ടായിരിക്കേയാണ് ഇപ്രകാരം ഡെപ്പോസിറ്റ് വർക്കിനായി തുക നൽകിയിരിക്കുന്നത്. ഇത് പഞ്ചായത്തിന്റെ ആസ്തിയല്ല. ഇറിഗേഷൻ വകുപ്പിൽനിന്നും നിരാക്ഷേപപത്രം ലഭ്യമാക്കി വഴി സൗകര്യം പഞ്ചായത്ത് നേരിട്ട് ചെയ്യുകയോ അതല്ലെങ്കിൽ പിവിഐപി ഓഫീസ് സ്വന്തമായി ഈ പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നതിനു പകരം പഞ്ചായത്തിന്റെ ഫണ്ട് പിവിഐപി ഓഫീസിന് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് കരാറും വച്ചിട്ടില്ല. ഈ പ്രവൃത്തി നടപ്പാക്കിയതിന്റെ രേഖകളും ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 6.11.25 -ൽ 23 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പണി പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവാക്കിയ 500000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-20 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് പ്രൊജക്ട് - അപാകതകൾ

പ്രൊജക്ട് നമ്പർ	0216/25
പ്രൊജക്ടിന്റെ പേര്	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ. യു പി സ്കൂൾ
അടങ്കൽ	512020 (വികസന ഫണ്ട് - എസ് സി പി) 1187980 (തനത് ഫണ്ട്)
ചെലവ്	480000(വികസന ഫണ്ട് - എസ് സി പി) ബിൽ നം 295/23-12-2024 , ₹216900/- ബിൽ നം 350/22-01-2025, ₹263100/-

പ്രസ്തുത പ്രൊജക്ട് പ്രകാരം 12 ലാപ്പ്ടോപ്പുകൾ (Intel Core I3) ജെം മുഖേന പർച്ചേസ് ചെയ്ത് (Rs480000/-) വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സ ഉ (കൈ) നം 115/2022/തസ്വഭവ, തീയതി 28/05/2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ – ഖണ്ഡിക 7.2.7 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, എഞ്ചിനീയറിംഗ് അടക്കമുള്ള പ്രഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്, ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് നൽകേണ്ടത്. എന്നാൽ ലാപ്ടോപ്പ് നൽകിയിട്ടുള്ള അശ്വതി രാജു എന്ന വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം Metro Paramedical & Research Center എന്ന സ്ഥാപനത്തിലെ റേഡിയോളജി, ഡിഗ്രീ രണ്ടാം വർഷ വിദ്യാർത്ഥി ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനവും യുജിസി അംഗീകാരം ഉള്ള സൺറൈസ് യൂണിവേഴ്സിറ്റി, രാജസ്ഥാനമായുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഇതോടൊപ്പം സമർപ്പിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന് യൂണിവേഴ്സിസിറ്റി അംഗീകാരം നൽകുന്നതിന്റെ വിവരങ്ങൾ ഇതിൽ ഇല്ല. കോഴ്സ് സർട്ടിഫിക്കറ്റിൽ BSS Affiliated എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന് സർവ്വകലാശാല അഫിലിയേഷൻ ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം മേൽ നടപടിക്ക് വിശദീകരണം നൽകേണ്ടതുമാണ് എന്ന് അറിയിച്ചുകൊണ്ട് എൻക്വയറി നം 18/05.11.2025 നൽകിയിരുന്നു. പ്രസ്തുത എൻക്വയറിക്ക് ഹെഡ്മിസ്ട്രസ് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനം അന്വേഷണത്തിൽ സ്വാശ്രയ സ്ഥാപനമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും കൂടാതെ ഈ സ്ഥാപനം യു ജി സി അംഗീകാരം ഉള്ള സൺറൈസ് യൂണിവേഴ്സിറ്റിയുമായി ചേർന്നാണ് കോഴ്സ് നടത്തുന്നതെന്നും, അച്ഛൻ മരണപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് അനുവദിക്കുന്നത് പഠനത്തിന് ഉപകരിക്കും എന്ന സദുദ്ദേശത്തോടെയാണ് ഈ നടപടി സ്വീകരിച്ചതെന്നും അറിയിച്ചു. കൂടാതെ പ്രസ്തുത സർക്കാർ ഉത്തരവിൽ എവിടെയും ബിരുദ കോഴ്സിന് പഠിക്കുന്ന സ്ഥാപനത്തിന് യുജിസി അംഗീകാരം വേണമന്നോ കോഴ്സുകൾക്ക് യൂണിവേഴ്സിറ്റി അംഗീകാരം വേണമെന്നോ നിഷ്കർഷിച്ചിട്ടില്ല എന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ/ എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന കുട്ടികൾക്കാണ് അർഹതയുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് സർവ്വകലാശാല അഫ്‌ലിയേഷൻ ഇല്ലാത്തതിനാൽ മറുപടി അംഗീകരിക്കാൻ

സാധിക്കില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും മാർഗ്ഗരേഖയിലെ നിബന്ധനകൾ പ്രകാരം മാത്രം പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

1-21 ഷട്ടർ മെയിന്റനൻസ്- പണി നടത്തിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തട്ടേക്കാട് ചിറ ഷട്ടർ മെയിന്റനൻസ് എന്ന പ്രവർത്തി നടപ്പാക്കിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

പ്രോജക്ട് നമ്പർ	അടങ്കൽ	ചെലവ് തുക	ബിൽനമ്പർ/തീയതി
243/25	196000	196000	XVFC/2024/25/P/42, 10.3.25

ഷട്ടർ മെയിന്റനൻസിനായി എറണാകുളം ഡ്രഡ്ജർ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 16.1.25 -ൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ മെക്കാനിക്കൽ ഡിവിഷൻ ആലപ്പുഴക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ ഈ പ്രവൃത്തി ഇതുവരെയും നടപ്പാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് 6.11.25 -ൽ 21 -ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. പണി പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവാക്കിയ 196000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-22 എംസിഎഫ് - ലേക്ക് വാട്ടർ ടാങ്കുകൾ വാങ്ങിയെങ്കിലും നാളിതുവരെ ഉപയോഗിച്ചിട്ടില്ല

പ്രോജകട് നമ്പർ/പേര്	0159/25, എംസിഎഫ് - ലേക്ക് അനുബന്ധ സൗകര്യങ്ങൾ
അടങ്കൽ	8000
ചെലവ്	7756
ബിൽ നമ്പർ /തീയതി	27.6.24

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം ചെയ്തിട്ടുള്ള മേൽ പ്രോജക്ടിന്റെ നടത്തിപ്പിനായി സ്റ്റൈൽ ൻ സ്മൂത്ത് ഇംപോർട്ട് എക്സ്പോർട്ട് എൽഎൽപി, വാളകം എന്ന സ്ഥാപനത്തിൽ നിന്നും 207/14.3.24 നമ്പർ ഇൻവോയ്സ് പ്രകാരം 18% നികുതി അടക്കം 2000 ലിറ്ററിന്റെ ഒരു ടാങ്കിന് 11850 രൂപ നിരക്കിൽ ആകെ 94800 രൂപയ്ക്കാണ് 8 ടാങ്കുകൾ വാങ്ങിയിരിക്കുന്നത്. തൻവർഷം ഈയിനത്തിൽ ആകെ 7756 രൂപയാണ് സ്ഥാപനത്തിന് നൽകിയിരിക്കുന്നത്.

എംസി എഫ് - ന് ഫയർ എൻഒസി ലഭിക്കുന്നതിന് 20000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് ആവശ്യമായതിനാലാണ് ഇപ്രകാരം ടാങ്ക് വാങ്ങിയിരിക്കുന്നത്. എംസി എഫ് - ൽ നടത്തിയ പരിശോധനയിൽ ഈ ടാങ്കുകൾ ഇതുവരെയും സ്ഥാപിച്ചിട്ടില്ലാത്തതായി കണ്ടു. ഇവ എംസി എഫ് -ന് പിറകിലായി കൂട്ടിവച്ചിരിക്കുന്ന നിലയിലാണ്. ആകെ 16000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കുകളാണ് വാങ്ങിയിരിക്കുന്നത് എന്നതിനാൽ ബാക്കി 4000 ലിറ്ററിന് വേണ്ടി 3 ചെറിയ പഴയ ടാങ്കുകൾ കൂടി പരിസരത്ത് സൂക്ഷിച്ചിട്ടുണ്ട്.

നിലവിൽ ഈ ടാങ്കുകൾ ഫിറ്റ് ചെയ്തിട്ടില്ല. എംസി എഫ് - ൽ കറന്റ് കണക്ഷൻ ഇല്ല. വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. ജല ദൗർലഭ്യം ഉള്ള മേഖലയിലാണ് എംസി എഫ് സ്ഥിതി ചെയ്യുന്നത്. വാട്ടർ അതോറിറ്റി വക വെള്ളം ലഭിക്കുന്നതിനുള്ള ടാപ്പ് സൗകര്യം മാത്രമാണ് പ്രദേശത്തുള്ളത്. കിണർ സൗകര്യങ്ങളോ മറ്റ് ജല സ്രോതസ്സുകളോ പരിസരത്ത് ഇല്ല. ജനവാസ മേഖലയിലാണ് എംസി എഫ് സ്ഥിതി ചെയ്യുന്നത്.

2024-25 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എംസി എഫ് - ൽ ഇലക്ട്രിഫിക്കേഷൻ, വയറിംഗ്, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനായി 259/25 നമ്പർ ആയി 100000 രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

അതിനർത്ഥം നിലവിൽ വെള്ളവും വൈദ്യുതിയും ഇല്ലാതെയാണ് എംസി എഫ് പ്രവർത്തിക്കുന്നതെന്നാണ്.

ഇലക്ട്രിഫിക്കേഷൻ പോലും കഴിയാത്ത സ്ഥാപനത്തിലേക്ക് വെള്ളം നിറക്കാനുള്ള ടാങ്കുകൾ വാങ്ങി വച്ചിരിക്കുന്നതിനും വെള്ളവും വൈദ്യുതിയും ഇല്ലാതെ എംസി എഫ് പ്രവർത്തിക്കുന്നത് സംബന്ധിച്ചും വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 12/31.10.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ നിലവിലെ എംസി എഫിൽ സ്ഥലപരിമിതി ഉള്ളതിനാൽ പുതിയ എംസിഎഫിന് സ്ഥലം കണ്ടെത്തുന്ന മുറക്ക് ടാങ്കുകൾ സ്ഥാപിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടാങ്കുകൾ സ്ഥാപിച്ച് റിപ്പോർട്ട് ഹാജരാക്കുന്നതുവരെ തൻവർഷം ഈയിനത്തിൽ ചെലവാക്കിയ 7756 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-23 എഫ് എച്ച് സി -മരുന്നുകൾ ലഭ്യമായിട്ടില്ല- തുക തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നമ്പർ	22/25
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ
അടങ്കൽ	1000000, എം ജി നോൺ റോഡ്
ചെലവ്	998764
ബിൽ/,യുടിആർ നമ്പർ / തീയതി	നൽകിയ തുക
24120752001301443240/6.3.25	295000
24120752001301029177/12.12.24	509586
241207520013010257678/31.1.25	110264
ആകെ	914809

മെഡിക്കൽ ഓഫീസർ, എഫ്എച്ച്സി നിർവ്വഹണോദ്യോഗസ്ഥയായി എഫ്എച്ച്സി-യിലേക്ക് മരുന്ന വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ₹914809 നൽകിയെങ്കിലും മുഴുവൻ തുകക്കും മരുന്ന് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ലഭിച്ച മരുന്നുകളുടെ വിവരം	
ഇൻവോയ്സ് നമ്പർ/തീയതി	തുക
207/5.4.25	58984
1625/28.4.25	2762
2708/9.6.25	19600
3961/5.6.25	25279
6948/9.7.25	9800
7531/19.7.25	1686
7910/29.7.25	5880
10694/30.9.25	33705

57283/14.1.25	10152
57935/25.1.25	59360
58463/6.2.25	48153
1271/24.4.25	6496
751/19.4.25	42131
3305/19.5.25	20497
5056/18.6.25	15680
6547/6.7.25	15782
7257/17.7.25	18144
485/9.4.25	29680
2802/12.5.25	2138
7282/17.7.25	1465
ആകെ	425909

ബാക്കി 488900 രൂപക്ക് മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 16/3.11.25 ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ 488900 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-24 ഹോമിയോ മരുന്നുകൾ ലഭിച്ചിട്ടില്ല - 250000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 24-25 വർഷത്തിൽ മരുന്നു വാങ്ങുന്നതിനായി ഹോംകോ ആലപ്പുഴക്ക് 250000 രൂപ നൽകിയിട്ടുണ്ട്. നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	23/25	തൻ വർഷം മരുന്നു ലഭിച്ചതിന്റെ ഇൻവോയ്സ് നമ്പർ/തീയതി	ലഭിച്ച മരുന്നുകളുടെ വില
അടങ്കൽ	250000	LF -389/14.6.25	85113
ചെലവ് തുക	250000	LF-971/31.7.25	91810
ബിൽ നമ്പർ, തീയതി	20/24-25, 11.9.24		
ആകെ			176923

തൻ വർഷം 176923 രൂപക്കുള്ള മരുന്നു ലഭിച്ചിട്ടുണ്ടെങ്കിലും അത് ഈ വർഷം നൽകിയ തുകക്കുള്ള മരുന്നാണെന്ന് ഉറപ്പ് വരുത്താനാവില്ല. കാരണം 2023-24 വർഷത്തിൽ മരുന്നു വാങ്ങുന്നതിനായി 300000 രൂപ ചെലവഴിച്ചതിൽ 185090 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ടായിരുന്നു.

തൻവർഷം ചെലവഴിച്ച തുകക്കുള്ള മരുന്നുകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/28.10.25)

മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ ₹250000 യുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-25 പാലിയേറ്റീവ് കെയർ - അപാകതകൾ

പാലിയേറ്റീവ് കെയർ ഇനത്തിൽ താഴെപ്പറയുന്ന പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നമ്പർ	165/25 സ്പിൽ ഓവർ & 18/25
അടങ്കൽ	97025സ്പിൽ ഓവർ & 700000
ചെലവ്	96999 & 537501

ഇതിൽ ആംബുലൻസിന് ഇന്ധനം വാങ്ങുന്നതിന് താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

യുടിആർ/ബിൽ നമ്പർ/തീയതി	അളവ് (ലി.)	തുക	വാങ്ങിയ നിരക്ക്	തീയതി	ലോഗ് ബുക്ക് പ്രകാരം അടുത്ത ഇന്ധനം നിറക്കൽ വരെ വാഹനം ഓടിയ കീലോമീറ്റർ
RBl1982492179295/ 15.7.24	30.70	3518.5	114.61	7.3.24	
	29.75	3365.04	112.44	25.3.24	257
	30.50	3429.42	112.44	16.4.24	261
	29.51	3115.07	105.56	6.5.24	255
	29.30	3092.0	105.56	22.5.24	244

2024 മാർച്ച് മുതൽ മെയ് വരെയുള്ള കണക്കാണ് മേൽ ചേർത്തിരിക്കുന്നത്. മേൽപ്പറഞ്ഞ പ്രകാരം ഇന്ധനം വാങ്ങിയതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും വാങ്ങിയ ഇന്ധനം സംബന്ധിച്ച വിവരങ്ങൾ KL -40/L1442 എന്ന ആംബുലൻസിന്റെ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. ഇന്ധനക്ഷമത റിപ്പോർട്ട് ഇല്ല. ഈ വിഭാഗം ആംബുലൻസുകൾക്ക് മാരുതി കമ്പനി അവകാശപ്പെടുന്ന ക്ഷമത 16.8 കി.മീ. / ലിറ്റർ എന്നതാണ്. എന്നാൽ ഇവിടെ പരമാവധി 9 കിലോമീറ്ററിൽ താഴെയാണ് മേൽപ്പറഞ്ഞ പ്രകാരം കണക്കാക്കുമ്പോൾ ലഭിക്കുന്ന ഇന്ധനക്ഷമത.

പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ ഉത്തരവ് നമ്പർ 553/2019, 7.3.19, തസ്വഭവ. പ്രകാരം കുറഞ്ഞത് 8 രോഗികളെയെങ്കിലും ഒരു ദിവസം ഹോം കെയർ ടീം സന്ദർശിക്കേണ്ടതുണ്ട് എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ 6 രോഗികളെ വരെയാണ് ഒരു ദിവസം സന്ദർശിച്ചിരിക്കുന്നത്. രോഗികളെ സന്ദർശിച്ചു എന്നതിന് തെളിവായുള്ള കുടുംബാംഗത്തിന്റെ പേരോ ഒപ്പോ രജിസ്റ്ററിൽ ഇല്ല. എത്തിയ സമയമോ തിരിച്ചിറങ്ങിയ സമയമോ രേഖപ്പെടുത്തിയിട്ടില്ല. രോഗികളുടെ പേര് വിവരങ്ങൾ ഉണ്ടെങ്കിലും നോമിനൽ രജിസ്റ്റർ നമ്പർ വളരെ അപൂർവ്വമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഭൂരിഭാഗവും ബിപി പരിശോധനയാണ് പല ദിവസങ്ങളിലും ചെയ്തിരിക്കുന്നത്.

രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം രോഗീസന്ദർശനം കൃത്യമാണോ എന്ന് ഉറപ്പിക്കാനാവുന്നില്ല.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുകയും രോഗീസന്ദർശനം കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

1-26 ഓഡിറ്റ് ഇംപാക്ട്

27.06.2024 ലെ സ.ഉ.(സാ.ധാ) നം 1149/2024/LSGD ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും തൊഴിൽ നികുതി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം പുതുക്കിയ തൊഴിൽ നികുതി സ്ലാബുകൾ 2024-25 രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്യം ഉള്ളതാണ്. എന്നാൽ മുടക്കുഴ ഗ്രാമപഞ്ചായത്ത് 2024-25 രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2/28.10.2025 നെ തുടർന്ന് ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കി രസീതുകൾ ഹാജരാക്കിയിട്ടുണ്ട്.

നം	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരന്റെ പേര്	അർദ്ധവാർഷിക വരുമാനം	ഇടാക്കേണ്ട തൊഴിൽ നികുതി	അടവാക്കിയ തൊഴിൽ നികുതി	കുറവ്	രസീത് നം
1	കുടുംബാരോഗ്യ കേന്ദ്രം, മുടക്കുഴ	മാതു അംബുജാക്ഷൻ	61200	750	600	150	R-G070402-25001771/ 30.10.2025
2	കുന്നത്തുനാട് NFSA	സഫിയ അലിയാർ	42000	600	300	300	R-G070402-25001786/ 31.10.2025
3	ചിറക്കൽ മെറ്റൽ ക്രഷർ	മദൻ നായ്	72600	750	600	150	R-G070402-25001770/ 30.10.2025
4		ഗജേന്ദ്ര	72600	750	600	150	
5		ഖജേഷ് നായ്	72600	750	600	150	
6	ഗണേഷ് ടിംബർ ഇൻഡസ്ട്രീസ്	സൂപ്പർവൈസർ	26000	450	180	270	R-G070402-25001762/ 29.10.2025
7		വർക്കേഴ്സ് (8 പേർ)	17000* 8	320*8	120*8	1600	
8	ശ്രീകൃഷ്ണ എന്റർപ്രൈസസ്	സൂപ്പർവൈസർ	26000	450	180	270	R-G070402-25001757/ 29.10.2025
9		വർക്കേഴ്സ് (8 പേർ)	17000* 8	320*8	120*8	1600	
10	സ്റ്റെർലിംഗ് വിനീർസ്	മാനേജർ	27000	450	180	270	R-G070402-25001758/ 29.10.2025
11		വർക്കേഴ്സ് (7 പേർ)	17000*7	320*7	120*7	1400	
12		വർക്കേഴ്സ് (3 പേർ)	16000*3	320*3	120*3	600	
13	സ്റ്റെർലിംഗ് പ്ലൈബോർഡ്	മാനേജർ	26000	450	180	270	R-G070402-25001759/ 29.10.2025
14		വർക്കേഴ്സ് (2 പേർ)	16000*2	320*2	120*2	400	
15		വർക്കേഴ്സ് (9 പേർ)	17500*9	320*9	120*9	1800	

16	കോക്കാടൻ പ്ലൈവുഡ്സ്	മാനേജർ	16500	320	120	200	R-G070402-25001764/ 29.10.2025
17		ജീവനക്കാർ (15 പേർ)	16000*15	320*15	120*15	3000	
18		ലോഡിംഗ് വർക്കർ	13000	320	120	200	
		ജീവനക്കാർ (6 പേർ)	14000*6	320*6	120*6	1200	
19		ജീവനക്കാർ (4 പേർ)	15000*4	320*4	120*4	800	
20	ഇളമ്പകപ്പിള്ളി ടോഡി ഷോപ്പ് TS No 15	ജിബിൻ വി റ്റി	38148	600	300	300	R-G070402-25001801/ 01.11.2025
21		സിജു റ്റി വി	38148	600	300	300	
22		സുരേഷ് എം കെ	28160	450	180	270	
ആകെ						15650	

1-27 ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗ്ഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് മുടക്കുഴ ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

ക്രമ. നം.	സ്കീം	2021-22 (₹)	2022-23 (₹)	2023-24 (₹)	2024-25 (₹)
1	320100202 - സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്റേഴ്സ്	-	236447 2472(പലിശ)	747000 12232(പലിശ)	312000 17418(പലിശ)
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.	-	-	-	-

	(ബി) പി.എച്ച്.സി				
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്	-	-	-	-
3	320100203 – ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി, സി.എച്ച്.സി	-	-	-	-
4	320100204 – കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ	-	110,000 1230/- (പലിശ)	324,000/- 5749/- (പലിശ)	515,000/- 9372(പലിശ)

കുറിപ്പ്: 2021-22-ലെ ഗ്രാന്റ് 2022-23-ലും 2022-23-ലേത് 2023-24-ലും 2023-24-ലേത് 2024-25-ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം

ക്രമ. നം.	സ്കീം	2021-22 (₹)	2022-23 (₹)	2023-24 (₹)	2024-25 (₹)
1	320100202 – സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്റേഴ്സ്	-	25220/-	*401389/-*	552482/-
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി.	-	-	-	-
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്.	-	-	-	-
3	320100203 – ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി, സി.എച്ച്.സി.	-	-	-	-
4	320100204 – കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇൻ ടു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.	-	0	110000/-	323682/-

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി.			
പ്രോജക്ട്	ചെലവ്		
	2022-23 ₹	2023-24 ₹	2024-25 ₹

എസ്. 242/23 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	25220/-	-	-
എസ് 253/24 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ		190845/-	-
എസ് ഒ 225/24 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	-	210544/-	
എസ് ഒ 231/25 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ			552482/-
320100203-ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി, സി.എച്ച്.സി.			
320100204-കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.			
എസ്224/24 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	0	110000/-	-
എസ് ഒ230/25 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	-		*323682*

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം

ഇല്ല

4. <u>ഹെൽത്ത് ഗ്രാന്റ് – സാമ്പത്തിക നില (2024-25)</u>

	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.(ബി) പി.എച്ച്.സി.(320100202) UBI A/C No. 654402010006972)	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) UBI A/C -6973- (654402010006973)
മുന്നിരുപ്പ്	₹571542	₹330979
വരവ് (പലിശ ഉൾപ്പെടെ)	₹329418	₹524372
ആകെ	₹900960	₹855351
ചെലവ്	₹552482	₹323682
നീക്കിയിരുപ്പ്	₹348478	₹531669

<u>1-28 ജലജീവൻ പദ്ധതി-അവലോകനം</u>

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

<u>ജൽജീവൻ മിഷൻ – കേരളം</u>

ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 20-21 സാമ്പത്തിക

വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. പ്രോജക്ട് മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് തുകയുടെ 45% കേന്ദ്രസർക്കാരും 15% പഞ്ചായത്തും 10% ഗുണഭോക്താവും 30% സംസ്ഥാനസർക്കാരും വഹിക്കേണ്ടതുണ്ട് എന്ന് 10.7.2020 – ലെ ഡി1-1682/2020 നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റി പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

ജൽജീവൻ മിഷനും – മുടക്കുഴ ഗ്രാമപഞ്ചായത്തും

വേങ്ങൂർ, മുടക്കുഴ, അശമന്നൂർ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാദ്ധ്യമാക്കുന്നതിന് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംയുക്ത പദ്ധതിയുടെ ഭാഗമായി 115.50 കോടി രൂപ അടങ്കൽ വരുന്ന പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റി തയ്യാറാക്കിയ എഞ്ചിനിയറിംഗ് റിപ്പോർട്ടിന്റെ മുടക്കുഴ പഞ്ചായത്തിനെ സംബന്ധിച്ച സംക്ഷിപ്ത വിവരം

No.Of Villages / Habitation Under Proposed Schemes.	മുടക്കുഴ– 13 Wards
Population Of Proposed Panchayat	19445 (2011 Census)
No.Of Households In Panchayat (In 2020)	5518
Type Of Source	Periyar River And Thodu At Mudakkuzha
Existing No.Of Water Connections	1115
No.Of Water Connections Proposed	250
No.Of Water Connections After The Implementation Of The Project	1365
Total Estimated Cost	Rs.31.23 Lakhs
Agency For O&M	Kerala Water Authority

ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് വേങ്ങൂർ, അശമന്നൂർ, മുടക്കുഴ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി രൂപീകരിച്ച പദ്ധതി പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന് വേണ്ടി വരുന്ന 34.73 കോടി രൂപയുടെ പഞ്ചായത്ത് വിഹിതമായ 15 ശതമാനം-5.21 കോടി രൂപയും ഗുണഭോക്തൃവിഹിതമായി 10 ശതമാനം 3.47 കോടി രൂപയും ഉൾപ്പെടെ 8.68 കോടി രൂപയും സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനിയർ 19.03.2021-ൽ പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. എഞ്ചിനിയറിംഗ് റിപ്പോർട്ട് പ്രകാരം പാണംകുഴിയിൽ കിണറും പമ്പ് ഹൌസും സ്ഥാപിച്ച് മുടക്കുഴ ഗ്രാമപഞ്ചായത്തിലെ ചൂരമുടിയിൽ സ്ഥാപിക്കുന്ന

ജലശുദ്ധീകരണശാലയിലേക്ക് പമ്പ് ചെയ്യുന്നതിനുള്ള പദ്ധതിക്ക് എല്ലാ റോഡുകളിലും വിതരണ ശൃംഖല സ്ഥാപിക്കേണ്ടതുണ്ട് എന്നും ഇത്തരം പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് പഞ്ചായത്തിന് വിവരം ലഭ്യമായിട്ടില്ല എന്നും 23.04.2021 തീയതിയിലെ 15(3) നമ്പർ കമ്മിറ്റി വിലയിരുത്തി. എഞ്ചിനിയറിംഗ് റിപ്പോർട്ട് പ്രകാരം മുൻകൂട്ടി കരാർ ഒപ്പ് വച്ചാൽ ഭീമമായ തുക പഞ്ചായത്തിന്റെ ബാധ്യത ആയി മാറാൻ സാധ്യത ഉണ്ടെന്നും ആയതിനാൽ ജല അതോറിട്ടിയുമായി നിലവിൽ മുൻകൂർ കരാറിൽ ഏർപ്പെടേണ്ടതില്ല എന്നും സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.04.2021 തീയതിയിലെ ഡി.ഡി.പി-ഇകെഎം/1870/2020-എഫ് നമ്പർ കത്തിലെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ബഹു.സർക്കാരിന്റെ ഭാഗത്ത് നിന്ന് കൂടുതൽ നിർദ്ദേശങ്ങൾ വരുന്ന മുറയ്ക്കും വാട്ടർ അതോറിട്ടിയുടെ ഭാഗത്ത് നിന്നും കൂടുതൽ വ്യക്തത വരുന്ന മുറയ്ക്കും മാത്രം കരാറിൽ ഏർപ്പെടുന്നതടക്കം ഉള്ള തുടർനടപടികൾ സ്വീകരിച്ചാൽ മതി എന്നും യോഗം തീരുമാനിച്ചു. ആയതിനാൽ മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിയ്ക്കായി പ്രൊജക്ട് വയ്ക്കുകയോ, തുക കൈമാറുകയോ ചെയ്തിട്ടില്ല.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1-1 300 ച മീ നു മുകളിൽ തറവിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ 300 ച മീ നുതാഴെയുള്ള ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു - നഷ്ടം 5178/-രൂപ

സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 77/2023/LSGD, തീയതി 22.03.2023 അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി പരിഷ്കരണം 20.10.2023 ലെ A3-1918/2023 ഉത്തരവ് പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്ത് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം 300എം^{2} വരെയുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ കെട്ടിടങ്ങൾ എന്നിവക്ക് ചതുരശ്ര മീറ്ററിന് 7 രൂപ, 300എം^{2} ന് മുകളിലുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 10 രൂപ എന്നീ നിരക്കുകളിലാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ 2024-25 വർഷം 300എം^{2} ന് മുകളിൽ തറവിസ്തീർണ്ണമുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ/ ഹോംസ്റ്റേ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് 300എം^{2} വരെയുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിക്കൊണ്ടാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നം	13/193**B**		12/205 A		4/71 B	
തറവിസ്തീർണ്ണം	319.62എം^{2}		304.77എം^{2}		696.52എം^{2}	
	നിർണ്ണയിച്ചിരിക്കുന്നത്	നിർണ്ണയിക്കേണ്ടത്	നിർണ്ണയിച്ചിരിക്കുന്നത്	നിർണ്ണയിക്കേണ്ടത്	നിർണ്ണയിച്ചിരിക്കുന്നത്	നിർണ്ണയിക്കേണ്ടത്
	തീയതി. 22.8.2024		തീയതി. 22.4.2024		തീയതി. 13.11.2024	

ഉപയോഗക്രമം	300എം^{2} വരെയുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗി ക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ	300എം^{2} ന് മുകളിലുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗി ക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ	300എം^{2} വരെയുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗി ക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ	300എം^{2} ന് മുകളിലുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗി ക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ	300എം^{2} വരെയുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗി ക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ	300എം^{2} ന് മുകളിലുള്ള സ്വന്തം ആവശ്യത്തിന് ഉപയോഗി ക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ
അടിസ്ഥാന വസ്തു നികുതി നിരക്ക്	7.35	10.5	7.35	10.5	7.35	10.5
അടിസ്ഥാന വസ്തു നികുതി	2349.207	3356.01	2240.0595	3200.085	5119.422	7313.46
മേഖല	പ്രഥമം	പ്രഥമം	ദ്വിതീയം	ദ്വിതീയം	പ്രഥമം	പ്രഥമം
മേഖലകളുടെ അടിസ്ഥാന ത്തിലുള്ള നികുതി വർദ്ധനവ്/ ഇളവ്	ഇല്ല	ഇല്ല	10% ഇളവ് 224.00595	10% ഇളവ് 320.0085	ഇല്ല	ഇല്ല
റോഡിന്റെ തരം	5 മീറ്ററോ അതിൽ കൂടുതൽ	5 മീറ്ററോ അതിൽ കൂടുതൽ	1.5 മീറ്ററിൽ കൂടുതൽ	1.5 മീറ്ററിൽ കൂടുതൽ	5 മീറ്ററോ അതിൽ കൂടുതൽ	5 മീറ്ററോ അതിൽ കൂടുതൽ
വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള നികുതി വർദ്ധനവ്	20% വർദ്ധനവ് 469.8414	20% വർദ്ധനവ് 671.202	ഇല്ല	ഇല്ല	20% വർദ്ധനവ് 1023.8844	20% വർദ്ധനവ് 1462.692
തറ നിർമ്മിതി			മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്,മറ്റ് വിലയേറിയ വസ്തുക്കൾ	മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്,മറ്റ് വിലയേറിയ വസ്തുക്കൾ	മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്,മറ്റ് വിലയേറിയ വസ്തുക്കൾ	മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്,മറ്റ് വിലയേറിയ വസ്തുക്കൾ
തറ നിർമ്മി തിയുടെ അടിസ്ഥാന ത്തിലുള്ള നികുതി	ഇല്ല	ഇല്ല	15% വർദ്ധനവ് 336.008925	15% വർദ്ധനവ് 552.014662	15% വർദ്ധനവ് 767.9133	15% വർദ്ധനവ് 1097.019

വർദ്ധനവ്/ ഇളവ്						
വാർഷിക വസ്തു നികുതി	2820	4028	2353	3361	6912	9874
കുറവ്	1208		1008		2962	

പ്രസ്തുത അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം 1/27.10.2025, 4/29.10.2025 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി അപാകതകൾ പരിഹരിച്ച് പുനർ നിർണ്ണയിച്ചതായി അറിയിച്ചിട്ടുണ്ട്. പുനർ നിർണ്ണയിച്ച തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-1-2 11/139 A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത നഷ്ടം 1038/- രൂപ

2011 ലെ കേരള പഞ്ചായത്തിരാജ് (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിനു ലഭ്യമായ വഴിസൗകര്യത്തെ അടിസ്ഥാനമാക്കി വസ്തു നികുതിയിൽ വർദ്ധനവും ഇളവും അനുവദിക്കുന്നുണ്ട്. അതായത് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴിയിലൂടെ പ്രവേശനം ഉള്ള കെട്ടിടങ്ങൾക്ക് 20% വർദ്ധനവും 1.5 മീറ്ററിൽ കുറവ് വീതിയുള്ള വഴിയിലൂടെ പ്രവേശനം ഉള്ള കെട്ടിടങ്ങൾക്ക് 10% ഇളവും അനുവദിക്കുന്നു. എന്നാൽ മൂടക്കുഴ ഗ്രാമ പഞ്ചായത്തിൽ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവുകൾ നൽകിയിരിക്കുന്നതിൽ അപാകതകൾ ഉള്ളതായി കണ്ടു.

2024-25 വർഷം 19.09.2024ന് വസ്തു നികുതി നിർണ്ണയം നടത്തിയ 11/139 A നമ്പർ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ പ്രവേശന മാർഗ്ഗം കാണിച്ചിരിക്കുന്നത് 6 മീറ്റർ വീതിയുള്ള പഞ്ചായത്ത് റോഡ് എന്നാണ്. എന്നാൽ സഞ്ചയയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത് റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന് രേഖപ്പെടുത്തിക്കൊണ്ടാണ്. ആയതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട 20% വർദ്ധനവ് ഈ കെട്ടിടങ്ങൾക്ക് നൽകിയിട്ടില്ല. ഇതുമൂലം വസ്തു നികുതി ഇനത്തിൽ ഉണ്ടായ നഷ്ടം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	11/139 A	
കെട്ടിടത്തിന്റെ ഉപയോഗക്രമം	പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ	
വസ്തു നികുതി നിർണ്ണയിച്ച തീയതി	19.09.2024	
തറവിസ്തീർണ്ണം	494.53	
അടിസ്ഥാന വസ്തു നികുതി നിരക്ക്	10.5	
അടിസ്ഥാന വസ്തു നികുതി (A)	5192.565	
ഇളവുകളും വർദ്ധനവുകളും	കംപ്ലീഷൻ പ്ലാൻ പ്രകാരം നൽകേണ്ടിയിരുന്നത്	സഞ്ചയ പ്രകാരം നൽകിയത്

വഴി സൗകര്യം	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
വഴി സൗകര്യത്തിന്റെ അടിസ്ഥാത്തിൽ വർദ്ധനവ്(B)	20% 1038.513	-
മേഖല	പ്രഥമം	പ്രഥമം
മേഖല അടിസ്ഥാനത്തിലുള്ള നികുതി ഇളവ്	ഇല്ല	ഇല്ല
എയർ കണ്ടീഷനിംഗ് അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്(C)	10% 519.2565	10% 519.2565
തറ നിർമ്മിതി	മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ	മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ
തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്(D)	15% 778.88475	15% 778.88475
വാർഷിക വസ്തു നികുതി (A+B+C+D)	7530	6492
കുറവ്	1038/-	

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം ഇപ്രകാരം നടത്തിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം.5/29.10.2025 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി അപാകതകൾ പരിഹരിച്ച് പുനർ നിർണ്ണയിച്ചതായി അറിയിച്ചിട്ടുണ്ട്. പുനർ നിർണ്ണയിച്ച തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-1-3 9/256F നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ അപാകത - നഷ്ടം 28481/- രൂപ

ശ്രീ ഷക്കീർ പി.എം, പറയൻകുടി എന്ന വ്യക്തിയുടെ പേരിലുള്ള A3-433/2020 തീയതി. 23.11.2021 നമ്പർ പെർമിറ്റ് പ്രകാരം പൂർത്തീകരിച്ച (704.53എം^{2}) വ്യവസായിക ആവശ്യത്തിനുള്ള 9/256Fനമ്പർ കെട്ടിടത്തിന്റെ (ഡെക്കാൻ പ്ലൈവുഡ്സ്, മുടക്കുഴയുടെ പ്രവർത്തനത്തിനായി) വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ ഉള്ളതായി കാണുന്നു. ശ്രീ. ഷക്കീർ പി.എം, പറയൻകുടി SC2-1632/2024, തീയതി 30.04.2024 നമ്പർ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന കംപ്ലീഷൻ പ്ലാൻ പ്രകാരം ഡെക്കാൻ പ്ലൈവുഡ്സ്, മുടക്കുഴ എന്ന പ്ലൈവുഡ് നിർമ്മാണ കമ്പനിയാണ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന് ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ (വസ്തു നികുതി നിരക്ക് - 65/എം^{2}) എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിന് പകരം വസ്തു നികുതി നിരക്ക് കുറഞ്ഞ വ്യവസായത്തിനാവശ്യമുള്ളവ- ഇഷ്ടികച്ചൂള, തടിമിൽ (വസ്തു നികുതി നിരക്ക് - 30/എം^{2}) എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. വസ്തുനികുതിയിലുണ്ടായ കുറവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നം	9/256F	
തറവിസ്തീർണ്ണം	704.53	
വസ്തു നികുതി നിർണ്ണയിച്ച തീയതി	01.07.2024	
	നിർണ്ണയിച്ചിരിക്കുന്നത്	**നിർണ്ണയിക്കേണ്ടത്**
ഉപയോഗക്രമം	വ്യവസായത്തിനാവശ്യമുള്ളവ - ഇഷ്ടികച്ചുള, തടിമിൽ	ഇതര വ്യവസായങ്ങൾ ക്കാവശ്യമുള്ളവ
അടിസ്ഥാന വസ്തു നികുതി നിരക്ക്	31.5	68.25
അടിസ്ഥാന വസ്തു നികുതി	22192.7	48084.17
മേഖല	പ്രഥമം	പ്രഥമം
മേഖലകളുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്/ ഇളവ്	ഇല്ല	ഇല്ല
റോഡിന്റെ തരം	5 മീറ്ററോ അതിൽ കൂടുതൽ	5 മീറ്ററോ അതിൽ കൂടുതൽ
വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്	20% വർദ്ധനവ്	20% വർദ്ധനവ്
	4438.54	9616.83
മേൽക്കൂര	കുറഞ്ഞതരം മേൽക്കൂര (ഓട്, ഷീറ്റ്, ഓല, പുല്ല്) - ഷീറ്റ്	കുറഞ്ഞതരം മേൽക്കൂര (ഓട്, ഷീറ്റ്, ഓല, പുല്ല്) - ഷീറ്റ്
മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്	10	10
	2219.27	4808.42
വാർഷിക വസ്തു നികുതി	24412	52893
കുറവ്		28481/-

01.07.2024ൽ വസ്തു നികുതി നിർണ്ണയം നടത്തിയ പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലുണ്ടായ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം 8/31.10.2025 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി അപാകതകൾ പരിഹരിച്ച് പുനർ നിർണ്ണയിച്ചതായി അറിയിച്ചിട്ടുണ്ട്. പുനർ നിർണ്ണയിച്ച തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>2-2 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്, നഷ്ടം 4887/-രൂപ</u>

ശ്രീ. അബ്ദുൾ സലാം, സർജ (കക്കാട്ടുശ്ശേരി, മാറമ്പിള്ളി, 683105) എന്നിവർ കുന്നത്തുനാട് താലൂക്ക്, വേങ്ങൂർ വെസ്റ്റ് വില്ലേജ്, 60.80 ആർ വിസ്തൃതിയുള്ള 170/1 സർവ്വേ നമ്പർ പ്ലോട്ടിൽ 488.7എം^{2} Special Residential കെട്ടിടത്തിന്റെ നിർമ്മാണത്തിന് SC2/3057/2024 തീയതി.16.08.2024 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച് 26.11.2024ന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 30.07.2024 ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം 97/2024/LSGD പ്രകാരം 300എം^{2} ന മുകളിലുള്ള താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100രൂപ/എം^{2} എന്ന നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. ആയതിനാൽ ഈ കെട്ടിടത്തിന് ഈടാക്കേണ്ട പെർമിറ്റ് ഫീസ് 488.7*100= 48870 രൂപയാണ്. എന്നാൽ പെർമിറ്റ്

ഫീസ് ഈടാക്കിയിരിക്കുന്നത് 90രൂപ/എം^{2} എന്ന നിരക്കിൽ 43983/-രൂപ രസീത് നമ്പർ 1240101574/26.11.2024 പ്രകാരം മാത്രമാണ്. ഇതുമൂലം 4887/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. ഇതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി 11/31.10.2025 ന് ലഭ്യമാക്കിയ മറുപടിയിൽ സങ്കേതം സോഫ്റ്റ്‌വെയറിൽ ഓട്ടോ കാൽകുലേറ്റ് ചെയ്തു വന്ന ഡിമാന്റ് തുകയാണിതെന്നും ഇൻഫർമേഷൻ കേരള മിഷന് മാത്രമേ ഈ നിരക്കുകൾ ക്രമീകരിക്കുന്നതിന് സാധിക്കൂ എന്നും അറിയിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയറിലെ ഈ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ട്രസ്സ് വർക്ക്-അധിക നിരക്കിൽ തുക നൽകി:11,136/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

പഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയുടെ മെയിന്റനൻസ് പ്രവൃത്തിയിൽ ട്രസ്സ് വർക്ക് ചെയ്യുന്നതിന് ബിൽ പ്രകാരം ഇനം 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc.. @162.79 എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി 31.10.25 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ ഡി.എസ് ആർ ഡാറ്റ 10.1 പ്രകാരമുള്ള Steel Work In Single Sectioning ആണ് ചെയ്തിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ടിന്റെ നമ്പർ, പേര്	എസ് ഒ 201/25, മൃഗാശുപത്രി മെയിന്റനൻസ്
അടങ്കൽ	₹148960.00 (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ചെലവ്	₹42197.00
ബിൽ നമ്പർ/തീയതി	606/26.03.2025
നിർവ്വഹണോദ്യോഗസ്ഥ	അസിസ്റ്റന്റ് എഞ്ചിനിയർ
EPAC	593196.24/-
APAC	572009.06/-

കരാറുകാരന്റെ പേര്: ശ്രീ അൻഷാദ് എം കെ

കരാർ നം.19/AE/LSGD/MGP/23-24 തീയതി 02.02.2024

മൃഗാശുപത്രിയുടെ മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ എക്സ്ട്രാ ഐറ്റം ആയി ട്രസ്സ് വർക്ക് ചെയ്തതിന് 10.06.1 ഡാറ്റ പ്രകാരം Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc @162.79 എന്ന നിരക്കിലാണ് തുക നൽകിയിട്ടുള്ളത്.

185.595kg@162.79=30213/-രൂപ

പ്രവൃത്തിയുടെ ചിത്രം ചുവടെ ചേർക്കുന്നു.



സൈറ്റിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷനിംഗ് പ്രകാരമുള്ള ട്രസ്സ് വർക്കാണ്. ആയതിനാൽ ഇതിന് നൽകാവുന്ന തുക ചുവടെ ചേർക്കുന്നു.

നൽകിയ തുക 185.595kg@162.79=30213/-രൂപ

നൽകാവുന്നത് 185.595kg@102.79=19077.31/- രൂപ

അധികം നൽകിയത് 30213-19077.31/-=11,136/- രൂപ

സിംഗിൾ സെക്ഷനിംഗ് പ്രവൃത്തിക്ക് ബിൽറ്റ് അപ്പ് ട്യൂബുലർ രീതിയിലുള്ള ട്രസ്സ് വർക്കിന് ബാധകമായ 10.06.1 ഡാറ്റയുടെ നിരക്കിൽ തുക അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 01.11.2025-ൽ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. Structural Members Site-ൽ നൽകിക്കൊണ്ട് ഡാറ്റയിൽ നിഷ്കർഷിക്കും പ്രകാരം ലോഡ് ബെയറിംഗ് പോയിന്റ്-കളിൽ വെൽഡിംഗ് നൽകി എല്ലാ Structural Members നെയും ഒരുമിപ്പിച്ചുകൊണ്ട് ഒരു ബിൽറ്റ് അപ്പ് സെക്ഷനായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട് എന്ന് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഐറ്റം 10.1-ൽ ഉപയോഗിക്കേണ്ട T സെക്ഷൻ, ആംഗിൾ സെക്ഷൻ, ചാനൽ സെക്ഷൻ എന്നിവ പ്രസ്തുത സൈറ്റിൽ ഉപയോഗിച്ചിട്ടില്ലായെന്നും അറിയിച്ചു. ഇനം 10.1-ന്റെ ഡാറ്റ അനാലിസിസ്-ൽ വെൽഡിംഗ് ഉൾപ്പെടുന്നില്ലായെന്നും 10.16.1 ന്റെ ലേബർ ചാർജ് കുറവാണെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. വിഷയം സാങ്കേതികാനുമതി നൽകുന്നവരുടെ ശ്രദ്ധയിൽപ്പെടുത്തി ഒബ്സർവ്ഡ് ഡാറ്റ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. സൈറ്റിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷനിംഗ് പ്രവൃത്തി ആയതിനാൽ 11136/- രൂപ അധികം നൽകിയത് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025-ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം/അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1.മെഡിസെപ് പ്രീമിയം ഒടുക്ക്-റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ)

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
04/2024	11x500x1=5500/-	5500/-	0	
5/2024 മുതൽ 06/24 വരെ	12x500x2=6000/-	12000/-	0	
07/2024	11x500x1=5500/-	5500/-	0	-
08/2024	12x500x1=6000	6000/-	0	-
09/2024 മുതൽ 10/2024 വരെ	11x500x2=11000/-	11000/-	0	-
11/2024 മുതൽ 03/2025 വരെ	12x500x5=30000/-	24000/-	6000	മാർച്ച് 2025 മാസത്തെ തുക ₹6000/- 04/2025 മാസത്തിൽ ഒടുക്കിയിട്ടുണ്ട്.
ആകെ	64000/-	64000/-	6000/-	

2.മെഡിസെപ് പ്രീമിയം ഒടുക്ക്-റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല					

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല

4. മെഡിസെപ് പ്രീമിയം ഒടുക്ക്-റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025-നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല					

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2024-25 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്	

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	മുന്നിരിപ്പ്	ലഭിച്ച തുക(₹)	പ്രൊജക്ടിന്റെ പേര്	ചെലവ്(₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	13776	10/25 തരിശു നെൽകൃഷി വികസനം	13776	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	1600	13/25 മില്ലറ്റ് ഗ്രാമം	1600	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	108000	218 വരിനെൽ നിയന്ത്രണം	108000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	60000	123/25 ലൈഫ് ഭവന നിർമ്മാണം എസ് സി	60000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	420000	116/25 ലൈഫ് ഭവന നിർമ്മാണം -ജനറൽ	420000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	160000	80/25 ലൈഫ് ഭവന നിർമ്മാണം -ജനറൽ	160000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	264000	86/25 ലൈഫ് ഭവന നിർമ്മാണം എസ് സി	264000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	300000	33/25 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	300000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	242658/-	226/25 രണ്ടാം വാർഡിലെ 171-ാം നമ്പർ അങ്കണവാടി റോഡ് ടൈൽ വിരിക്കൽ	242658	

ബ്ലോക്ക് പഞ്ചായത്ത്	2024-25	0	550000	73/25 ക്ഷീരകർഷകർക്കുള്ള പാലിന് സബ്സിഡി	550000	0
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	113750	46/25 എസ് സി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്	113750	0
ആകെ			2233784/-		2233784/-	0
ജില്ലാ പഞ്ചായത്ത്	2024-25	0	13776	10/25 തരിശു നെൽകൃഷി വികസനം	13776	0
ജില്ലാ പഞ്ചായത്ത്	2024-25	0	6400	13/25 മില്ലറ്റ് ഗ്രാമം	6400	0
ജില്ലാ പഞ്ചായത്ത്	2024-25	0	200000	268/25 ലൈഫ്-ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ	200000	
ജില്ലാ പഞ്ചായത്ത്	2024-25	0	560000	123/25 ലൈഫ് ഭവന നിർമ്മാണം എസ് സി	560000	0
ജില്ലാ പഞ്ചായത്ത്	2024-25	0	616000	86/25 ലൈഫ് ഭവന നിർമ്മാണം എസ് സി	616000	0
ജില്ലാ പഞ്ചായത്ത്	2024-25	0	100000	33/25 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	100000	0
ജില്ലാ പഞ്ചായത്ത്	2024-25	0	700000	73/25 ക്ഷീര കർഷകർക്കുള്ള പാലിന് സബ്സിഡി	700000	0
ജില്ലാ പഞ്ചായത്ത്	2024-25	0	227500	46/25 എസ് സി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്	227500	0
ജില്ലാ പഞ്ചായത്ത്	2024-25		375000	111/25എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	375000	
ആകെ			2798676/-		2798676/-	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ / വൗച്ചർ നമ്പർ/ തീയതി	മുൻകൂർ നൽകിയ തുക(₹)	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഭൂജല വകുപ്പ്	244/25 വാർഡ് 10-ൽ കാഞ്ഞിരക്കാട് കോളനി ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ കുഴൽക്കിണർ നിർമ്മാണം	42401485/ 31.03.25	3870	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല	3870/-
ഭൂജല വകുപ്പ്	245/25 വാണിയപ്പിള്ളി ഗവ.എൽ പി സ്കൂൾ	42401623/ 31.03.2025	1935	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല	1935/-

	കോമ്പൗണ്ടിൽ കുഴൽക്കിണർ നിർമ്മാണം				
ആകെ			5805/-		5805/-

4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല.

4-6 വായ്പ/വായ്പാ തിരിച്ചടവ്

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക (തൻവർഷ വരവ്) (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ (₹)	പലിശ (₹)	
ലൈഫ് ഭവന വായ്പ (കെ യു ആർ ഡി എഫ് സി)	സ.ഉ.(കൈ) നം. 68 /2018/ ത.സ്വ.ഭ.വ./ 18.05.2018	4658384	12992917	1564254	0	16087047

തിരിച്ചടവിന്റെ വിവരം

ജി.ഒ.പ്രോജക്റ്റ്		തുക
നമ്പർ	പേര്	
295/25	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി.	₹371783
290/25	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി.	₹376070
292/25	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം	₹405937
284/25	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -.പൊതുവിഭാഗം	₹410464
ആകെ		₹1564254/-

4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ വരവ്	₹45593652
ഓഡിറ്റ് വർഷത്തെ ചെലവ്	₹36763268
വരവിനങ്ങളിലുള്ളനഷ്ടം	₹39584/-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹11136/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹1467436/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഖണ്ഡിക നമ്പർ	ചാർജ് ചെയ്യാവുന്നവ ₹	സർചാർജ് ചെയ്യാവുന്നവ ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1-1	1208/-		മഞ്ജു വി., സെക്രട്ടറി
	1008/-		സേതു കെ ആർ., സെക്രട്ടറി ഇൻ ചാർജ്ജ്
	2962/-		സുമേഷ് കുമാർ പി.കെ, സെക്രട്ടറി
2-1-2	1038/-		സേതു കെ ആർ., സെക്രട്ടറി ഇൻ ചാർജ്ജ്
2-1-3	28481/-		സേതു കെ ആർ., സെക്രട്ടറി ഇൻ ചാർജ്ജ്
2-2	4887/-		സുമേഷ് കുമാർ പി.കെ, സെക്രട്ടറി
3-1		11136/-	സൗമ്യ പി, അസിസ്റ്റന്റ് എഞ്ചിനിയർ
ആകെ	39584/-	11136/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	24780	ശ്രീമതി ഹാജിറ പി.എച്ച്, കൃഷി ഓഫീസർ
1-19	500000	ശ്രീ. സുമേഷ്കുമാർ പി കെ, സെക്രട്ടറി
1-21	196000	ശ്രീ. സുമേഷ്കുമാർ പി കെ, സെക്രട്ടറി
1-22	7756	ശ്രീ. സേതു കെ. ആർ, അസിസ്റ്റന്റ് സെക്രട്ടറി
1-23	488900	ഡോ. അരുൺരാജ് ആർ, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി
1-24	250000	ഡോ. ബാസിമ മുഅസം, മെഡിക്കൽ ഓഫീസർ, ഹോമിയോ
ആകെ	1467436	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ക്രമ നം	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽ വിലാസം
1	ശ്രീമതി സൗമ്യ പി, അസിസ്റ്റന്റ് എഞ്ചിനിയർ	അസിസ്റ്റന്റ് എഞ്ചിനിയർ, മുടക്കുഴ ഗ്രാമപഞ്ചായത്ത്	ഫ്ലാറ്റ് നമ്പർ 206, ബി ബ്ലോക്ക്, ഓഷ്യനസ് ക്രസന്റ്, മറ്റൂർ, പിൻ – 683 574
2	ശ്രീമതി ഹാജറ പി എച്ച്, കൃഷി ഓഫീസർ	പാഡി മാർക്കറ്റിംഗ് ഓഫീസർ പാഡി മാർക്കറ്റിംഗ് ഓഫീസ് സപ്ലൈക്കോ തെക്കേക്കര പി.ഒ, മങ്കൊമ്പ് ആലപ്പുഴ, 688503	ചിറയിക്കാട്ട് ഹൗസ്, സൗത്ത് വാഴക്കുളം പി ഒ, ആലുവ 5, ചെമ്പറക്കി, പിൻ - 683105
3	ശ്രീ. സുമേഷ് കുമാർ പികെ, സെക്രട്ടറി	സെക്രട്ടറി മുടക്കുഴ ഗ്രാമ പഞ്ചായത്ത്	പുളിഞ്ചുവട്ടിൽ വീട്, ഊരമന പി.ഒ, പിൻ-685663
4	ശ്രീ. സേതു കെ ആർ, അസിസ്റ്റന്റ് സെക്രട്ടറി	സെക്രട്ടറി, കവളങ്ങാട് ഗ്രാമ പഞ്ചായത്ത്	കൊല്ലംമാവുടി വീട്, കോട്ടപ്പടി പി ഒ, പിൻ - 686692
5	ഡോ. അരുൺരാജ് ആർ, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, മുടക്കുഴ	സ്പ്രിംഗ് ഫീൽഡ്, നിയർ കെഎംഐ കൺവൻഷൻ സെന്റർ, വൈശാലി റോഡ്, എടത്തല പിഒ, പിൻ – 683565
6	ഡോ.ബാസിമ മുഅസം, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ, ഹോമിയോ, മുടക്കുഴ	എല്ലാട്ട് വീട്, പെരിങ്ങാല, പിൻ – 683665
7	ശ്രീമതി മഞ്ജു വി., സെക്രട്ടറി	സെക്രട്ടറി മുടക്കുഴ ഗ്രാമ പഞ്ചായത്ത്	അദ്വൈതം, ഏലംകുളം, പോണേത്ത് ടെമ്പിൾ റോഡ്, കടവന്ത്ര പി.ഒ, 682020

4-12 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-1998	കെ.എസ്.എ.-ഇ.കെ.എം.(പി2) 880/2015, തീയതി: 28.01.2016
1998-1999	
1999-2000	
2000-2001	
2001-2002	

2002-2003	
2003-2004	
2004-2005	എൽ.എഫ്.ഇ.(പി2)-1301/10, തീയതി: 02.11.2011
2005-2006	എൽ.എഫ്.ഇ.(പി2)-1302/10, തീയതി: 02.11.2011
2006-2007	എൽ.എഫ്.ഇ.(പി2)-1303/10, തീയതി: 02.11.2011
2007-2008 മുതൽ 2010-2011വരെ	എൽ.എഫ്.ഇ.(പി2)-1137/12, തീയതി: 12.09.2012
2011-2012 & 2012-2013	എൽ.എഫ്.ഇ.(പി2)-1376/14, തീയതി: 17.10.2014
2013-14 & 2014-15	കെ.എസ്.എ ഇ.കെ.എം(പി2) 1109/16, തീയതി.08.07.2016
2015-16	കെ.എസ്.എ ഇ.കെ.എം(പി2) 2245/16,തീയതി.10.01.2017
2016-17	കെ.എസ്.എ ഇ.കെ.എം(പി2) 2026/17, തീയതി.22.11.2017
2017-18	കെ.എസ്.എ ഇ.കെ.എം(പി2) 155/19, തീയതി.18.03.2019
2018-19	കെ.എസ്.എ ഇ.കെ.എം(പി2) 1193 /19, തീയതി.06.09.2019
2019-20	കെ.എസ്.എ ഇ.കെ.എം(പി2) 512 /21, തീയതി.31/03/2021
2020-21	കെ.എസ്.എ ഇ.കെ.എം(പി2) 1076 /22, തീയതി 08.08.2022
2021-22	കെ.എസ്.എ ഇ.കെ.എം(പി2) 99/23, തീയതി 29.03.2023
2022-23	കെ.എസ്.എ.ഇ.കെ.എം(പി-2)1460/2023 , തീയതി 02/12/2023
2023-24	കെ.എസ്.എ.ഇ.കെ.എം(പി-2)1782/2024, തീയതി 27/12/2024

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1.1 dated 1.1 dated 29-07-2025 and submitted on 08-10-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Mudakkuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mudakkuzha Grama Panchayat as on 31-03-2025

Date: 12/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Mudakkuzha Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1. Non inclusion of Notes to Accounts and B1 schedule in Financial statements and non disclosure of material facts.

2. In Cash Flow statement, Net increase / decrease in cash flow does not match with Net cash generated by Operating + Investing + Financing Activity.

3. DCB of property tax from Sanchaya and ILGMS do not match.

4. Online receipt of Rs. 95662/ didnot credit in the bank account.

5. CFC grant expenditure-Mismatch of figure in the AFS and Sulekha Expenditure statement.

6. Provision for bad and doubtful debts is not made in the Income and Expenditure statement.

7. The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing Asset Register.

8. Loan Register is not maintained in the Panchayat.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്